**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാനത്തെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ കേന്ദ്ര ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.81 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.59%).<br><br>വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3239 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1703 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിന് മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത് (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | | | ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ 45% ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ - 30 % ന് മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 120 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50%-നു മുകളിൽ കവറേജ് കൈവരിച്ചു.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം (1)** ആയി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം (2)** ആയി ചേർക്കുന്നു. |
| (സി) | കരാറുകാർക്ക് പണം നൽകാത്തതിന്റെ പേരിൽ പദ്ധതി പ്രവൃത്തികൾ സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷനായി 1949.36 കോടി രൂപയാണ് ബജറ്റ് വിഹിതമായിട്ട് വകയിരുത്തിയത് ഇതിൽ നിന്ന് 974.68 കോടി രൂപ മാത്രമേ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ളൂ. പദ്ധതി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, 2024-25-ൽ അഡ്വാൻസ് സ്റ്റേറ്റ് ഷെയറായിട്ട് കേരള സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൻ്റെ ആനുപാതികമായ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിലും ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭാ യോഗം |

| | | | |
|---|---|---|---|
| | | | അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു. |
| (ഡി) | ജൽജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകുന്നതിന് വേണ്ടി നബാർഡിൽ നിന്നും 5000 കോടി രൂപ വായ്പയായി എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത തുക ലഭ്യമായിട്ടുണ്ടോ; പ്രസ്തുത തുക വാട്ടർ അതോറിട്ടിക്ക് മുഴുവനായി നൽകാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.<br><br>തുടർന്ന്, SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 - Receipts from Rural Water Supply - Receipt on account of NABARD Loan availed by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി, മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01-102-92-(02) Jal Jeevan Mission (NRDWP)" എന്ന ശീർഷകത്തിൽ വകയിരുത്തി കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചുകൊണ്ട് 20-01-2026-ൽ G.O.(Rt)No.61/2026/WRD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഗഡുവായി 2,000 കോടി രൂപ 23/01/2026-ന് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) | ജൽജീവൻ മിഷൻ പദ്ധതിയുടെ കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള അവശേഷിക്കുന്ന പ്രവൃത്തികൾ 2028-ഓടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം 1**</u>

| **ക്രമ നമ്പർ** | **ജില്ല** | **ആകെ ഗ്രാമീണ വീടുകൾ** | **ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം** | **JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ** | **നിലവിലുള്ള മൊത്തം കണക്ഷൻ** | **കവറേജ് (%)** |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 659860 | 524194 | 283986 | 450798 | 68.32 |
| 2 | കൊല്ലം | 607160 | 446930 | 305355 | 453134 | 74.63 |
| 3 | പത്തനംതിട്ട | 357519 | 273171 | 89468 | 174698 | 48.86 |
| 4 | കോട്ടയം | 471910 | 373493 | 120316 | 230260 | 48.79 |
| 5 | ആലപ്പുഴ | 543821 | 378352 | 171353 | 366806 | 67.45 |
| 6 | എറണാകുളം | 620848 | 346467 | 151270 | 416661 | 67.11 |
| 7 | ഇടുക്കി | 279017 | 241261 | 40260 | 98451 | 35.28 |
| 8 | തൃശ്ശൂർ | 600633 | 438834 | 130844 | 309473 | 51.52 |
| 9 | പാലക്കാട് | 650491 | 497280 | 238959 | 387846 | 59.62 |
| 10 | മലപ്പുറം | 797512 | 652951 | 223244 | 366820 | 46.00 |
| 11 | കോഴിക്കോട് | 514666 | 526159 | 119325 | 205597 | 39.95 |
| 12 | വയനാട് | 191308 | 148944 | 29767 | 72606 | 37.93 |
| 13 | കണ്ണൂർ | 433842 | 376986 | 180687 | 261110 | 60.19 |
| 14 | കാസർഗോഡ് | 253522 | 220320 | 46658 | 86799 | 34.24 |
| **ആകെ** | | **6982109** | **5445342** | **2131492** | **3881059** | **55.59** |

<u>അനുബന്ധം 2</u>

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പുരോഗതി |
|---|---|---|---|
| 1 | വാഴക്കാട് | മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1. | പൂർത്തീകരിച്ചു. |
| 2 | | ഫേസ് - 2 - സമ്പ് കം പമ്പ് ഹൗസിന്റെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പാലച്ചോല പ്രദേശത്തേക്ക് ബൂസ്റ്റർ ക്രമീകരണങ്ങൾക്കുള്ള വ്യവസ്ഥ ഉൾപ്പെടെ തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി | 10% പൂർത്തീകരിച്ചു. |
| 3 | വാഴയൂർ | മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1 | പൂർത്തീകരിച്ചു. |
| 4 | | അഴിഞ്ഞിലത്ത് നാഷണൽ ഹൈവേ 66 ന് കുറുകെ 200 എംഎം എം എസ് പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർകണക്ഷൻ പ്രവൃത്തിയും. | പൂർത്തീകരിച്ചു. |
| 5 | | ഫേസ് - 2 - ബാക്കിയുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി, ഗാർഹിക കണക്ഷൻ നൽകൽ, തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ (reappropriation ) | 53% പൂർത്തീകരിച്ചു. |
| 6 | ചീക്കോട് | ചീക്കോട് ഗ്രാമ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും | പൂർത്തീകരിച്ചു |
| 7 | | ഫേസ് - 2 - ചീക്കോട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത്/ തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ | 32% പൂർത്തീകരിച്ചു. |
| 8 | | 41 MLD ജല ശുദ്ധീകരണ ശാലയുടെ കോമ്പൗണ്ട് വാളിന്റെ അറ്റകുറ്റ പണി, മണ്ണൊലിപ്പിൽ നിന്നും റോ വാട്ടർ പമ്പിംഗ് മെയിൻ RR Pitching പ്രവൃത്തി വഴി സംരക്ഷിക്കൽ, റോഡ് പരിപാലനം - പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു. |
| 9 | ചെറുകാവ് | ഫേസ് 1 - മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സർവ്വേ നടത്തി ഡിസൈൻ ചെയ്ത് സപ്ലൈ ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും | പൂർത്തീകരിച്ചു. |
| 10 | | ചെറുകാവ് പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും. | 10% പൂർത്തീകരിച്ചു. |
| 11 | | ഫേസ് - 2 - ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും, റോഡ് പുനരുദ്ധാരണ പ്രവൃത്തിയും (Reappropriation) | 17% പൂർത്തീകരിച്ചു. |
| 12 | | ഫേസ് - 1 - മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ സർവ്വേയും ഡിസൈനിംഗും നടത്തി ബാക്കി വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് | പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | പുളിക്കൽ | കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും. | |
| 13 | | പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി. | 80% പൂർത്തീകരിച്ചു. |
| 14 | മുതുവല്ലൂർ | ഫേസ് - 1 - മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പുതിയ സർവ്വേ അനുസരിച്ച് ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും. | പൂർത്തീകരിച്ചു. |
| 15 | | ഫേസ് - 2 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | പൂർത്തീകരിച്ചു. |
| 16 | | മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ബാക്കി പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു. |
| 17 | | മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ലൈൻ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി | 80% പൂർത്തീകരിച്ചു. |
| 18 | | ഫേസ് - 3 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. (reappropriation ) | 72.76% പൂർത്തീകരിച്ചു. |